**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5151** **14-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ അനുവദിച്ച കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടം പണി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | **(എ)** കയ്യൂർ ഇന്റർനാഷണൽ ഐ.ടി.ഐ 10.08.2020-ൽ ആദ്യമായി ടെൻഡർ ചെയ്യുക യുണ്ടായി. ടെൻഡർ അനുവദിച്ച നൽകിയെങ്കിലും L1 ബിഡ്ഡറുടെ ആരോഗ്യ സംബന്ധമായ കാരണ ങ്ങൾ കൊണ്ട് കരാറിലേർപ്പെടുവാൻ സാധിച്ചില്ല.<br><br>ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തി 07.11.2020-ൽ റീ-ടെൻഡർ ചെയ്തു. നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം ചൂണ്ടിക്കാണിച്ചുകൊണ്ട് കരാർ നേടിയ ബിഡ്ഡർ കരാറിൽ ഏർപ്പെടുവാൻ വിസമ്മതിച്ചു. അപ്രകാരം, 02.02.2021-ന് റീ-ടെൻഡർ ചെയ്തെങ്കിലും നേരത്തെ പങ്കെടുത്ത കരാറുകാരൻ തന്നെ ഇത്തവണയും L1 ബിഡ്ഡർ ആയി വന്നതിനാൽ കരാർ ഉറപ്പിച്ചില്ല. 26.02.2021-ൽ വീണ്ടും പ്രവർത്തി റീ-ടെൻഡർ ചെയ്തു. എന്നാൽ അനുവദനീയമായ നിരക്കുകളേക്കാൾ കൂടിയ തുക (ഡി.എസ്.ആർ + 10% നേക്കാൾ അധികം) വന്നതിനാൽ ഈ റീ-ടെൻഡർ നടപടിയിലൂടെ കരാർ ഉറപ്പിക്കാൻ സാധിച്ചില്ല<br><br>ഇതിനോടകം പുതുക്കിയ ഡി.എസ്.ആറും, ജി.എസ്.ടി യും നിലവിൽ വന്നതിനാൽ വീണ്ടും റീ-ടെൻഡർ ചെയ്യേണ്ടതായിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി തയ്യാറാക്കുകയും കെയ്സിന്റെ (KASE) ടെക്നിക്കൽ കമ്മിറ്റി സാങ്കേതിക അനുമതി നൽകുകയും തുടർന്ന് കിഫ്ബിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | **(ബി)** കിഫ്ബിയിൽ നിന്ന് പുതുക്കിയ സാങ്കേതിക അനുമതി ലഭിച്ചാൽ ഉടൻ തന്നെ പ്രസ്തുത പ്രവർത്തി |

| | | | |
|---|---|---|---|
| | | | റീ -ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ